പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1346 — 11.02.2016 ൽ മറുപടിക്ക്

പാലങ്ങളുടെ നവീകരണം

ചോദ്യം		ഉത്തരം	
ശ്രീ. എം. ഹംസ		ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)	
എ)	പാലക്കാട് - ഷൊർണ്ണൂർ റോഡിൽ ടൗണിനോട് ചേർന്ന് കിടക്കുന്ന ഒറ്റപ്പാലം പാലവും, കണ്ണിയംപുറം തോട്ട് പാലവും കാലപ്പഴക്കത്താൽ ദുർബലമായതും, വീതി കുറഞ്ഞ് ഇടുങ്ങിയതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;	എ)	ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
ബി) & സി)	പ്രസ്തുത പാലങ്ങൾ പുതുക്കി പണിയുന്നതിനായി എത്ര പ്രാവശ്യം അവലോകന യോഗം ചേർന്നിട്ടുണ്ട്; എന്നായിരുന്നു പ്രസ്തുത യോഗം; പ്രസ്തുത യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന്വിശദമാക്കുമോ; പ്രസ്തുത പാലങ്ങൾ നവീകരിക്കാൻ ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്; അതിനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?	ബി) & സി)	ഈ പാലങ്ങൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് പൊതുമരാമത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.01.2012-ൽ ഒരു അവലോകന യോഗം നടന്നിട്ടുണ്ട്. ഈ യോഗ തീരുമാനപ്രകാരം പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള അനന്തര നടപടികൾക്കായി കെ.എസ്.ടി.പി. യെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണം നടത്തുന്നതിനായി 7.1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ